ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1181

# സൂറ – 42 / അശ്ശൂറാ

## സൂക്തം: 16 – 18

ലക്ഷ്യം വംശീയവും വർഗീയവും ദേശീയവുമൊക്കെയായ താൽപര്യങ്ങളുടെ സംരക്ഷണമായി മാറുമ്പോൾ അനിവാര്യമായി സംഭവിക്കുന്ന ദുരന്തമാണ്, പരസ്പര വിരുദ്ധമായ മത ദർശനങ്ങളുടെ ആവിർഭാവം. പരസ്പര വൈരവും മാത്സര്യവും മൂത്ത് പൂർവ വേദങ്ങളുടെ വാഹകരിൽ ഉടലെടുത്ത ഭിന്ന ഗ്രൂപ്പുകളിൽ ആരുടെയൊക്കെ പക്ഷത്ത് സത്യവും ധർമവും എത്രത്തോളം ഉണ്ടെന്ന് വിശദീകരിക്കുകയും അവർക്കിടയിൽ നീതി നടപ്പാക്കുകയും ചെയ്യുക പിൽക്കാല പ്രവാചകന്മാരുടെയും വേദാവകാശികളുടെയും കടമയാകുന്നു.

وَٱلَّذِينَ يُحَآجُّونَ فِى ٱللَّهِ مِنۢ بَعۡدِ مَا ٱسۡتُجِيبَ لَهُۥ حُجَّتُهُمۡ دَاحِضَةٌ عِندَ رَبِّهِمۡ وَعَلَيۡهِمۡ غَضَبٌ وَلَهُمۡ عَذَابٌ شَدِيدٌ ﴿١٦﴾

16. അല്ലാഹുവിന്റെ സന്ദേശം സ്വീകരിക്കപ്പെട്ട ശേഷം അതു സ്വീകരിച്ചവരോട് അല്ലാഹുവിനെക്കുറിച്ചു തർക്കിക്കുന്നവരുണ്ടല്ലോ, അവരുന്നയിക്കുന്ന ന്യായവാദങ്ങൾ അവരുടെ നാഥങ്കൽ കേവലം പൊള്ളയാകുന്നു. അവരിൽ അല്ലാഹുവിന്റെ കോപം പതിച്ചിരിക്കുന്നു. അവർക്കുള്ളത് കൊടിയ ശിക്ഷയാകുന്നു.

**16**

وَالَّذِينَ يُحَاجُّونَ فِي اللَّهِ = അല്ലാഹുവിൽ (വിനെക്കുറിച്ച്) തർക്കിക്കുന്നവർ (ഉണ്ടല്ലോ)

مِن بَعْدِ مَا اسْتُجِيبَ لَهُ = അതിന് ഉത്തരം നൽകപ്പെട്ട (അല്ലാഹുവിന്റെ സന്ദേശം സ്വീകരിക്കപ്പെട്ട) ശേഷം (അതു സ്വീകരിച്ചവരോട്)

حُجَّتُهُمْ = അവരുടെ ന്യായം (അവരുന്നയിക്കുന്ന ന്യായവാദങ്ങൾ)

دَاحِضَةٌ = (കേവലം) പൊള്ളയാകുന്നു, നിരർഥകമാകുന്നു

عِندَ رَبِّهِمْ = അവരുടെ നാഥങ്കൽ

وَعَلَيْهِمْ غَضَبٌ = അവരുടെ മേൽ (അല്ലാഹുവിന്റെ) കോപം (പതിച്ചിരിക്കുന്നു)

وَلَهُمْ عَذَابٌ شَدِيدٌ = അവർക്കുള്ളത് കൊടിയ ശിക്ഷയാകുന്നു

മുൻ സൂക്തത്തിൽ പറഞ്ഞ حُجَّةَ-ൽ നിന്നുള്ള വർത്തമാന ക്രിയയാണ് يُحَاجُّونَ . ഇതിന്റെ ക്രിയാനാമം محاجة (പരസ്പരം ഖണ്ഡിക്കലും തർക്കിക്കലും) ആണ്. അല്ലാഹുവിൽ തർക്കിക്കുക - يُحَاجُّونَ فِي اللَّهِ- എന്നാൽ അല്ലാഹുവി

ന്റെ അസ്തിത്വത്തിലുള്ള തർക്കമല്ല. ദൈവാസ്തികൃത്തിൽ തർക്കിക്കുന്ന വിഡ്ഢികൾ ഇന്നെന്നപോലെ അക്കാലത്തും വിരളമായിരുന്നു. പൂർവിക വേദക്കാരിലും അറബികളിലും അത്തരക്കാർ തീരേ ഉണ്ടായിരുന്നില്ല എന്നു തന്നെ പറയാം. ദൈവത്തെക്കുറിച്ച് അവർക്കിടയിലുണ്ടായിരുന്നു. തർക്കം ദൈവം ഒരുവനാണോ പലതാണോ എന്നതായിരുന്നു ആ തർക്കമാണ് ഇവിടെ സൂചിപ്പിക്കുന്നത്. 14-ാം സൂക്തത്തിൽ വന്ന مِن بَعْدِ مَا جَاءَهُمُ الْعِلْمُ എന്ന വാക്യത്തിന്റെ മറ്റൊരു അവതരണമാകുന്നു مِن بَعْدِ مَا اسْتُجِيبَ لَهُ. ഉത്തരം നൽകപ്പെടലാണ് استجابة. ക്ഷണം, പ്രബോധനം, ആശംസ തുടങ്ങിയവ സ്വീകരിക്കുന്നത് അതിൽപെടുന്നു. استجابة-ൽ നിന്നുള്ള കർമണി വാക്യമാണ് اسْتُجِيبَ. വേദജ്ഞാനം ലഭിക്കുകയും അങ്ങനെ അല്ലാഹുവിന്റെ ഏകത്വവും മറ്റു ധർമ ദർശനങ്ങളും സ്വീകരിക്കുകയും ചെയ്തശേഷം അതിലൊക്കെ പലതരം കുതർക്കങ്ങളുന്നയിച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന വേദക്കാരെയും അവരെ അനുകരിക്കുന്ന വിഗ്രഹാരാധകരെയുമാണ് സൂചിപ്പിക്കുന്നത്. അല്ലാഹു ഏകനാണെങ്കിലും ഉപദൈവങ്ങളുണ്ടാകുന്നത് അവന്റെ ഏകത്വത്തെ നിഷേധിക്കുന്നില്ല. ഉപദൈവങ്ങൾക്ക് അവന്റെ അധികാരങ്ങളും ശക്തികളും അൽപസ്വൽപം പങ്കുവെച്ചുകൊടുക്കുന്നതിലും അസാംഗത്യമില്ല. ഈ ഉപദൈവങ്ങൾ ദൈവത്തിന്റെ മക്കളാവാം. ഇഷ്ടദാസന്മാരാവാം. പരമേശ്വരനോട് ശിപാർശ ചെയ്ത്, തങ്ങളുടെ ഭക്തന്മാരെ ഈ ലോകത്ത് അനുഗ്രഹിക്കാനും പരലോകത്ത് നിത്യസ്വർഗം വാങ്ങിക്കൊടുക്കാനും അവർക്കു കഴിയും.... ഇങ്ങനെ പോകുന്നു അടിസ്ഥാനപരമായി അല്ലാഹുവിന്റെ ഏകത്വം അംഗീകരിച്ച ശേഷം അതിൽനിന്നു തെന്നി മാറുന്ന വേദ വിശ്വാസികളുടെ കുതർക്കങ്ങൾ. അതു സ്ഥാപിക്കാൻ ഉന്നയിക്കുന്ന ന്യായങ്ങളും പ്രമാണങ്ങളുമെല്ലാം നിരർഥകവും അസാധുവുമാകുന്നു. دحض-യുടെ കർതൃ പദമാണ് دَاحِضَةٌ. തെന്നലും വഴുതലും പാളിപ്പോകലുമൊക്കെയാണ് دَحْض. ഉദ്ദിഷ്ട സ്ഥാനത്ത് ഉറച്ചുനിൽക്കാത്തതാണല്ലോ തെന്നിപ്പോവുകയും വഴുതിപ്പോവുകയും ചെയ്യുന്നത്. ഉദ്ദിഷ്ട ലക്ഷ്യത്തിൽ പതിക്കാതെ ഉദ്ദേശിക്കാത്ത ലക്ഷ്യങ്ങളിലേക്കു പോകലാണ് 'പാളിപ്പോകൽ.' തർക്കങ്ങളിൽ ഉന്നയിക്കപ്പെടുന്ന ദുർബലവും അസ്ഥിരവും ഉദ്ദിഷ്ട കാര്യം സ്ഥാപിക്കുന്നതിൽ നിന്നു പാളിപ്പോകുന്നതുമായ ന്യായങ്ങളും പ്രമാണങ്ങളുമാണ് حجة داحضة. ഏകദൈവ വിശ്വാസികളായിക്കൊണ്ടുതന്നെ പുണ്യാത്മാക്കളുടെ ദിവ്യത്വത്തിലും ദൈവികാധികാരങ്ങളിലും വിശ്വാസമർപ്പിക്കുന്നവർ സാധാരണ ഉന്നയിക്കാറുള്ള ന്യായം ഒരുദാഹരണമാകുന്നു: അല്ലാഹു അത്യുന്നതനും അതിഗംഭീരനുമാണ്. ഭൂമിയിലെ നിസ്സാരനായ മനുഷ്യന്റെ പ്രാർഥനകൾ അവനിലേക്കെത്തണമെന്നില്ല. അവനോടടുപ്പമുള്ള ഉപദൈവങ്ങളുടെയും അല്ലെങ്കിൽ സിദ്ധന്മാരുടെയും ഔലിയാക്കളുടെയും മാധ്യസ്ഥം അതിനാവശ്യമാകുന്നു. ഒരു മഹാരാജ്യത്തിലെ താഴെക്കിടയിലുള്ള പ്രജകൾക്ക് അവിടത്തെ ഉഗ്രപ്രതാപിയായ രാജാവിനെ നേരിട്ടു സമീപിക്കാനും ആവശ്യങ്ങൾ നിവർത്തിക്കാനും കഴിയില്ലല്ലോ. അങ്ങനെ അണ്ടന്മാർക്കും അടകോടന്മാർക്കുമെല്ലാം നേരിട്ടു കയറിവന്ന് ആവശ്യങ്ങൾ നിവർത്തിക്കാവുന്ന അവസ്ഥ മഹാരാജാവിന്റെ പ്രതാപത്തിനും മഹത്വത്തിനും നിരക്കുന്നതല്ല. അതുകൊണ്ട് സാധാരണക്കാർക്ക് രാജാവുമായി ബന്ധപ്പെടാൻ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും പാർശ്വവർത്തികളുടെയുമൊക്കെ മാധ്യസ്ഥം അനിവാര്യമാകുന്നു. ഭൂമിയിലെ ഒരു കൊച്ചു പ്രദേശത്തെ രാജാവ് അവിടത്തെ സാധാരണ പ്രജക്ക് ഇത്രത്തോളം അപ്രാപ്യനാണെങ്കിൽ അഖിലാണ്ഡത്തിന്റെ മഹാരാജാവായ അല്ലാഹു, അവന്റെ നീചരും നിസ്സാരരുമായ അടിമകൾക്ക് എത്രത്തോളം അപ്രാപ്യനായിരിക്കുമെന്ന് ആലോചിച്ചു നോക്കുക. ഭൂമിയിലെ രാജാക്കന്മാരുടെയും മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും പാർശ്വവർത്തികളുടെയും സ്ഥാനത്താണ് അഖില പ്രപഞ്ച രാജാവായ അല്ലാഹുവിന്റെ ഉപദൈവങ്ങളും മലക്കുകളും ഔലിയാക്കളുമൊക്കെ.

പ്രഥമ ശ്രവണത്തിൽ കഴമ്പുള്ളതെന്നു തോന്നുമെങ്കിലും പല കാരണങ്ങളാൽ തികച്ചും അസാധുവും ദുർബലവുമാണീ ന്യായം: 1) അല്ലാഹു സർവ ശ്രോതാവും സർവ സ്രഷ്ടാവും സർവജ്ഞനുമാകുന്നു എന്ന യാഥാർഥ്യത്തെ നിഷേധിക്കുന്നവർക്കേ, നിസ്സാര സൃഷ്ടികളുടെ പ്രാർഥനകൾ നേരിട്ട് അല്ലാഹുവിലേക്കെത്തുകയില്ല എന്നു പറയാൻ കഴിയൂ. തന്നിൽ തന്നെ എല്ലാം തികഞ്ഞ സ്വയം പര്യാപ്തൻ - غني- ആണ് അല്ലാഹു. അറിയാനോ പ്രവർത്തിക്കാനോ സൃഷ്ടിക്കാനോ അവന് ആരുടെയും ഒരു വക സഹായവും ആവശ്യമില്ല. ഏതെങ്കിലും കാര്യത്തിന് ആരുടെയെങ്കിലും സഹായം ആവശ്യമുണ്ടെന്നു വരുന്നതോടെ അവന്റെ, സർവശക്തൻ എന്ന ഗുണം നിഷേധിക്കപ്പെടുന്നു. അല്ലാഹുവിന്റെ ഏതെങ്കിലും ഒരു ഗുണത്തെ നിഷേധിക്കുന്നത് അല്ലാഹുവിനെ നിഷേധിക്കുന്നതിനു തുല്യമാകുന്നു. 2) സൃഷ്ടികളിൽ യാതൊന്നിനോടും യാതൊരു സാദൃശ്യവുമില്ല. അവനാണ് അല്ലാഹു. അവനെ കൊച്ചു ഭൂഗോളത്തിലെ നിസ്സാരരായ രാജാക്കന്മാരോട് താരതമ്യം ചെയ്യുന്നത് അവനിൽ സൃഷ്ടികളോട് തുല്യത ആരോപിക്കലാകുന്നു. അനന്തവും അനാദിയും അപാരവുമായ ഗുണങ്ങൾക്കുടയവനായ അല്ലാഹുവിനെ കേവലം ക്ഷണികവും ക്ഷുദ്രവും അസ്ഥിരവുമായ ഗുണങ്ങളുള്ള സൃഷ്ടിപ്രകൃതിയിലേക്ക് വെട്ടിച്ചുരുക്കലുമാണത്. ഈ നടപടിയും ദൈവനിഷേധത്തിൽ കുറഞ്ഞ പാതകമല്ല.

ഈ സൂക്തം അവതരിക്കുന്ന കാലത്ത് വിമർശനം സാധുവായിരുന്നത് വേദക്കാരായ യഹൂദ-ക്രൈസ്തവരിലും ഇബ്റാഹീമീ പാരമ്പര്യം അവകാശപ്പെടുന്ന അറേബ്യൻ മുശ്രിക്കുകളിലും അതുപോലുള്ള മറ്റു വൈദിക മതവിഭാഗങ്ങളിലുമായിരുന്നു. ഇന്ന് വലിയൊരു വിഭാഗം മുസ്‌ലിംകളിലും ഈ വിമർശനം സാധുവാകുന്നു എന്നത് ദുഃഖകരമായ സത്യമാകുന്നു. ഏകദൈവത്വം സ്വീകരിച്ച ശേഷം കുതർക്കങ്ങളുന്നയിച്ച് ബഹുദൈവത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നവരെ താക്കീതു ചെയ്യുന്ന, ദൈവകോപവും കൊടിയ ശിക്ഷയും അവർക്കും ബാധകമാകാതിരിക്കാൻ എന്തു ന്യായമാണുള്ളത്?!

ഈ സൂക്തത്തെ ചില പണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്: മക്കയിൽ പ്രവാചക സന്ദേശം കൂടുതൽ ശ്രദ്ധിക്കപ്പെടുന്നതും ഇസ്‌ലാം സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുന്നതും കണ്ടപ്പോൾ, ഖുറൈശികളും വേദക്കാരും പലതരം കൃത്രിമ പ്രമാണങ്ങളും പൊള്ളയായ ന്യായങ്ങളും പ്രചരിപ്പിച്ച് ഇസ്‌ലാമിൽ ചേരുന്നവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന കാര്യമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇബ്നു അബ്ബാസിന്റെയും ത്വബരിയുടെയും അഭിപ്രായത്തിൽ ഈ പ്രോപഗണ്ടാ കാമ്പയിനിന്റെ മുൻപന്തിയിലുണ്ടായിരുന്നത് യഹൂദരും നസ്രായരുമായിരുന്നു. ●

اَللَّهُ ٱلَّذِىٓ أَنزَلَ ٱلۡكِتَٰبَ بِٱلۡحَقِّ وَٱلۡمِيزَانَۗ وَمَا يُدۡرِيكَ لَعَلَّ ٱلسَّاعَةَ قَرِيبٞ ﴿١٧﴾

17. ധർമ ശാസനകളോടും നീതിസാരങ്ങളോടും കൂടി ഈ വേദം അവതരിപ്പിച്ചത് അല്ലാഹുവാകുന്നു. നിനക്കെന്തറിയാം?! ലോകാവസാനം ഒരു വേള അടുത്തു തന്നെ സംഭവിക്കാം.

**17**

اللَّهُ الَّذِي أَنزَلَ الْكِتَابَ بِالْحَقِّ = സത്യത്തോടെ (ധർമ ശാസനകളോടും) ഈ വേദം അവതരിപ്പിച്ചത് അല്ലാഹുവാകുന്നു

وَالْمِيزَانَۗ = (നീതിസാരങ്ങളോടും കൂടി) ത്രാസോടെയും وَمَا يُدْرِيكَ = നിന്നെ അറിയിക്കുന്നതെന്ത്? (നിനക്കെന്തറിയാം?)

لَعَلَّ السَّاعَةَ قَرِيبٌ = ആ സമയം അടുത്തതായേക്കാം (ലോകാവസാനം ഒരുവേള അടുത്തു തന്നെ സംഭവിക്കാം)

15-ാം സൂക്തത്തിൽ, പ്രവാചകനോട് നടത്താനാവശ്യപ്പെട്ട പ്രസ്താവനയുടെ തുടർച്ചയാണിത്. ഞാൻ എല്ലാ ദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നുവെന്നും ഭിന്നമത വിഭാഗങ്ങൾക്കിടയിൽ നീതിപൂർവം വർത്തിക്കാനാണ് ഞാൻ നിയുക്തനായിട്ടുള്ളത് എന്നുമാണല്ലോ അതിൽ പറയുന്നത്. തുടർന്നു പറയുകയാണ്: ധർമശാസനകളും നീതിസാരങ്ങളുമായി ഈ വേദം അഥവാ ഞാൻ ഓതിക്കേൾപ്പിക്കുന്ന ഖുർആൻ അവതരിപ്പിച്ചത് അല്ലാഹു തന്നെയാകുന്നു. അവകാശം, സത്യം, ധർമം, പൊരുൾ, യാഥാർഥ്യം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന പദമാണ് حَقّ. ത്രാസിന്റെ തട്ടാണ് മൗലികമായി ميزان. ത്രാസിനും തൂക്കത്തിനും ത്രാസ് ഉപയോഗിക്കും. നീതി എന്ന ആശയത്തിന്റെ രൂപകമായി ميزان പണ്ടു മുതലേ ഉപയോഗിച്ചു വരുന്നതാണ്. തുല്യമായ ഭാരം ശരിയായി തൂക്കുന്ന ത്രാസിന്റെ തട്ടുകൾ ഒരേ നിരപ്പിൽ നിൽക്കുന്നതുപോലെ, വ്യവഹാരത്തിലേർപ്പെടുന്ന കക്ഷികളുടെ താൽപര്യങ്ങളെ സത്യത്തിന്റെയും ധാർമിക മൂല്യങ്ങളുടെയും അവകാശ സമത്വത്തിന്റെയും അടിസ്ഥാനത്തിൽ തുല്യമായി പരിഗണിക്കുക എന്ന ആശയത്തെ ആസ്പദമാക്കിയാണ് ത്രാസ് നീതിയുടെയും സന്തുലിതത്വത്തിന്റെയും രൂപകമായി പ്രയോഗിക്കപ്പെട്ടത്. ഖുർആൻ ഈ രൂപകം ആവർത്തിച്ച് ഉപയോഗിച്ചിട്ടുണ്ട്. 57:25-ൽ പറയുന്നു: وَأَنزَلْنَا مَعَهُمُ الْكِتَابَ وَالْمِيزَانَ لِيَقُومَ النَّاسُ بِالْقِسْطِ (ആ പ്രവാചകന്മാരുടെ കൂടെ നാം വേദവും ത്രാസും അവതരിപ്പിച്ചിരിക്കുന്നു; മർത്യൻ നീതിയോടെ നിലകൊള്ളാൻ). 55:7-9-ൽ പറയുന്നു:

وَالسَّمَاءَ رَفَعَهَا وَوَضَعَ الْمِيزَانَ ﴿٧﴾ أَلَّا تَطْغَوْا فِي الْمِيزَانِ ﴿٨﴾ وَأَقِيمُوا الْوَزْنَ بِالْقِسْطِ وَلَا تُخْسِرُوا الْمِيزَانَ ﴿٩﴾

(അവൻ ആകാശത്തെ ഉയർത്തി. ത്രാസ് സ്ഥാപിച്ചു. ത്രാസിനെ ധിക്കരിച്ചുകൂടാ. തൂക്കം നീതിപൂർവം നിലനിർത്തുക. ത്രാസ് വെട്ടിക്കരുത്). വേദാവതരണത്തിന്റെയും പ്രവാചകാഗമനത്തിന്റെയും യഥാർഥ ലക്ഷ്യം മനുഷ്യസമൂഹത്തിൽ നീതിയും ധർമവും സ്ഥാപിക്കുകയാണെന്നാണീ വചനങ്ങളുടെയെല്ലാം താൽപര്യം. ഈ ലക്ഷ്യം വംശീയവും വർഗീയവും ദേശീയവുമൊക്കെയായ താൽപര്യങ്ങളുടെ സംരക്ഷണമായി മാറുമ്പോൾ അനിവാര്യമായി സംഭവിക്കുന്ന ദുരന്തമാണ്, പരസ്പര വിരുദ്ധമായ മതദർശനങ്ങളുടെ ആവിർഭാവം പരസ്പര വൈരവും മാത്സര്യവും മൂത്ത് പൂർവ വേദങ്ങളുടെ വാഹകരിൽ ഉടലെടുത്ത ഭിന്ന ഗ്രൂപ്പുകളിൽ ആരുടെയൊക്കെ പക്ഷത്ത് സത്യവും ധർമവും എത്രത്തോളം ഉണ്ടെന്ന് വിശദീകരിക്കുകയും അവർക്കിടയിൽ നീതി നടപ്പാക്കുകയും ചെയ്യുക പിൽക്കാല പ്രവാചകന്മാരുടെയും വേദാവകാശികളുടെയും കടമയാകുന്നു. ഈ ദൗത്യത്തിനുവേണ്ടി അന്ത്യപ്രവാചകനും അദ്ദേഹത്തിന്റെ സമുദായവും നിയുക്തമായത് പൂർവ മതവിഭാഗങ്ങളുടെയും പിൽക്കാലക്കാരുടെയും എല്ലാം ഭാഗ്യമാകുന്നു. അസത്യത്തിലും അധർമത്തിലും വിഹരിക്കുന്നവർക്ക് അന്ത്യനാൾ ആഗതമാകുന്നതിനു മുമ്പ് വീണ്ടെടുക്കപ്പെടാൻ അവസരം ലഭിക്കുകയാണല്ലോ. അന്ത്യനാൾ എന്നാണെന്ന് അല്ലാഹുവിനേ അറിയൂ. അതു ചിലപ്പോൾ വളരെ അടുത്ത ഭാവിയിൽ തന്നെ സംഭവിക്കാവുന്നതാണ്. അന്ത്യനാൾ ആസന്നമായാൽ പിന്നെ ആർക്കും വീണ്ടെടുക്കാനോ നൈതിക-ധാർമിക ജീവിതം നയിക്കാനോ അവസരം ലഭിക്കുകയില്ല. അന്തിമ വിധിയുടെ ദിനമാണ് അന്ത്യദിനം. ഇതാണ് وَمَا يُدْرِيكَ لَعَلَّ السَّاعَةَ قَرِيبٌ -ന്റെ താൽപര്യം. ●

يَسۡتَعۡجِلُ بِهَا ٱلَّذِينَ لَا يُؤۡمِنُونَ بِهَاۖ وَٱلَّذِينَ ءَامَنُواْ مُشۡفِقُونَ مِنۡهَا وَيَعۡلَمُونَ أَنَّهَا ٱلۡحَقُّۗ أَلَآ إِنَّ ٱلَّذِينَ يُمَارُونَ فِي ٱلسَّاعَةِ لَفِي ضَلَٰلِۭ بَعِيدٍ ﴿١٨﴾

18. അതിൽ വിശ്വാസം ഇല്ലാത്തവർ അതുടനെ സംഭവിച്ചു കാണാൻ ധൃതികൂട്ടുന്നു. വിശ്വാസമുള്ളവരോ അതെക്കുറിച്ച് ഉൽക്കണ്ഠാകുലരാകുന്നു. അവർക്കറിയാം അതു അനിഷേധ്യ യാഥാർഥ്യമാണെന്ന്. അറിഞ്ഞിരിക്കുവിൻ: പരലോകത്തെക്കുറിച്ച് അടിസ്ഥാന രഹിതമായ സിദ്ധാന്തങ്ങളുന്നയിക്കുന്നവർ തീർച്ചയായും പിഴച്ച വഴിയിൽ അതിദൂരം അകന്നുപോയിരിക്കുന്നു.

**18**

يَسْتَعْجِلُ بِهَا = അതുകൊണ്ട് (അതുടനെ സംഭവിച്ചു കാണാൻ) ധൃതികൂട്ടുന്നു
الَّذِينَ لَا يُؤْمِنُونَ بِهَا = അതിൽ വിശ്വാസമില്ലാത്തവർ وَالَّذِينَ آمَنُوا = വിശ്വാസമുള്ളവരോ
مُشْفِقُونَ مِنْهَا = അതിനാൽ (തെക്കുറിച്ച്) ഉൽക്കണ്ഠാകുലരാകുന്നു وَيَعْلَمُونَ = അവർക്കറിയാം
أَنَّهَا = തീർച്ചയായും അത് الْحَقُّ = (അനിഷേധ്യ) യാഥാർഥ്യം (ആണെന്ന്) أَلَا = അറിഞ്ഞിരിക്കുവിൻ
إِنَّ الَّذِينَ يُمَارُونَ فِي السَّاعَةِ = ആ സമയത്തിൽ തർക്കിക്കുന്നവർ (പരലോകത്തെക്കുറിച്ച് അടിസ്ഥാന രഹിതമായ സിദ്ധാന്തങ്ങളുന്നയിക്കുന്നവർ)
لَفِي ضَلَالٍ بَعِيدٍ = തീർച്ചയായും വിദൂരമായ വഴികേടിലാകുന്നു (പിഴച്ച വഴിയിൽ അതിദൂരം അകന്നുപോയിരിക്കുന്നു)

എന്നാൽ, പരലോകത്തിലും അന്ത്യവിചാരണയിലും വിശ്വസിക്കാത്തവർ അതു സംഭവിച്ചുകാണണമെന്ന് ധൃതികൂട്ടുന്നുണ്ട്. അതൊന്നും സംഭവിക്കാനിടയില്ല എന്ന നുമാനിക്കുകയാണവർ. അനുമാനത്തിന് ആധികാരികമായ ജ്ഞാനമോ തെളിവോ ന്യായമോ ഒന്നും അവരുടെ കൈവശമില്ല. സുസ്ഥിരമായ യാഥാർഥ്യങ്ങളിൽ തെളിവൊന്നുമില്ലാതെ സംശയിക്കുക, അടിസ്ഥാന രഹിതമായ നിഗമനങ്ങളും സിദ്ധാന്തങ്ങളും ഉന്നയിക്കുക എന്ന ആശയത്തെ കുറിക്കുന്ന مِرَاء-ൽ നിന്നുള്ള വർത്തമാനകാല ബഹുവചന ക്രിയയാണ് يُمَارُونَ. പരലോകത്തിന്റെ സംഭവ്യതയിൽ അവിശ്വാസികൾ പുലർത്തുന്ന സന്ദേഹം മഹാ മൗഢ്യവും ഗുരുതരമായ മാർഗഭ്രംശവുമാകുന്നു. പരലോക നിഷേധത്തിന് ഖണ്ഡിതമായ തെളിവില്ലാത്തതിനാൽ അതിന്റെ സംഭവ്യതയെ നിഷേധിക്കാതിരിക്കുകയും, അതു സംഭവിക്കുന്നുവെങ്കിൽ തങ്ങൾക്കേർപ്പെടാവുന്ന ദോഷങ്ങളും നഷ്ടങ്ങളും മനസ്സിലാക്കി പ്രതിരോധിക്കാൻ സജ്ജരാവുകയുമാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്. അതാണ് സത്യവിശ്വാസികൾ ചെയ്യുന്നത്. അവർ അതിന്റെ ആഗമനത്തെ ഉൽക്കണ്ഠയോടെ കാത്തിരിക്കുന്നു; കേവലം സംശയത്തിന്റെ പേരിലല്ല, പരലോകം അനിഷേധ്യവും അനിവാര്യവുമായ യാഥാർഥ്യമാണെന്ന ഉറച്ച ബോധ്യമുള്ളതുകൊണ്ടു തന്നെ.

വഴിപിഴച്ച് ബഹുദൂരം പോകലാണ് - ضَلَال بَعِيد. പുനരാലോചന പ്രതീക്ഷിക്കാനാവാത്തവിധം യാഥാർഥ്യത്തിൽ നിന്ന് അതിദൂരം അകന്നുപോയവർ എന്നാണ് താൽപര്യം. അവരാവശ്യപ്പെടുന്നതുപോലെ ഉയിർത്തെഴുന്നേൽപ് സംഭവിക്കുമ്പോഴേ അവരതിൽ വിശ്വസിക്കുകയുള്ളൂ. ആ സന്ദർഭത്തിലുണ്ടാകുന്ന അറിവും വിശ്വാസവുമാകട്ടെ തികച്ചും നിഷ്ഫലമാകുന്നു. ●


# ബൈത്തുസ്സകാത്ത് കേരള ഫെലോഷിപ്പ് പ്രോഗ്രാം

സംഘടിത സകാത്ത് മേഖലയിൽ 22 വർഷമായി പ്രവർത്തിക്കുന്ന സകാത്ത് സംരംഭമാണ് ബൈത്തുസ്സകാത്ത് കേരള. കേരളത്തിന്റെ സാഹചര്യം വിലയിരുത്തി സകാത്ത് മാനേജ്മെന്റിന്റെ പ്രായോഗികതയും ഫലപ്രാപ്തിയും വർധിപ്പിക്കുന്നതിന് സഹായകരമായ പഠനവും ഗവേഷണവും നിർവഹിക്കുന്നതിനുള്ള ഫെലോഷിപ്പിന് ബൈത്തുസ്സകാത്ത് കേരള അപേക്ഷ ക്ഷണിക്കുന്നു.

**ലക്ഷ്യങ്ങൾ**

1. ബൈത്തുസ്സകാത്ത് കേരളയുടെ 22 വർഷത്തെ പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നിർവഹിക്കുക.
2. ബൈത്തുസ്സകാത്ത് കേരളയിൽ അഫിലിയേറ്റ് ചെയ്ത പ്രാദേശിക സകാത്ത് യൂനിറ്റുകളുടെ സോഷ്യൽ ഓഡിറ്റ് നിർവഹിക്കുക.
3. സകാത്ത് കേരളത്തിന്റെ സാമൂഹിക വികസനത്തിൽ വഹിക്കുന്ന പങ്ക് ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ടൂൾ തയാറാക്കുക.
4. സാമൂഹിക സാഹചര്യങ്ങൾ വിലയിരുത്തി സകാത്ത് പദ്ധതികൾ നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയാറാക്കൽ.

**ആകെ ഫെലോഷിപ്പുകളുടെ എണ്ണം: 1**

**ഫെലോഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ**

- സോഷ്യൽ വർക്ക് / ഇസ്‌ലാമിക് സ്റ്റഡീസ് / സോഷ്യോളജി/ എക്കണോമിക്സ് വിഷയത്തിൽ പി.എച്ച്.ഡി യോഗ്യതയുള്ളവർ.
- സോഷ്യൽ വർക്ക് / ഇസ്‌ലാമിക് സ്റ്റഡീസ് / സോഷ്യോളജി/ എക്കണോമിക്സ് മേഖലയിൽ ബിരുദാനന്തര ബിരുദവും സകാത്ത് / എൻ.ജി.ഒ മേഖലയിൽ 10 വർഷത്തെ പ്രവൃത്തി പരിചയവുമുള്ള വ്യക്തികൾ.

**പഠന കാലാവധി - ഒരു വർഷം**

റിസർച്ച് പ്രൊപോസലിന്റെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് യോഗ്യരായ വ്യക്തികളെ തെരഞ്ഞെടുക്കുക.

താൽപര്യമുള്ള വ്യക്തികൾ ഒക്ടോബർ 30-നകം പ്രൊപോസലും സി.വിയും **baithuzzakathkerala@gmail.com** എന്ന മെയിലിലേക്ക് അയക്കേണ്ടതാണ്.